# സെഹിയോൻ

## ബുള്ളറ്റിൻ

ജനുവരി | ഫെബ്രുവരി | മാർച്ച് 2023



128-ാമത്
മാരാമൺ
കൺവൻഷൻ
2023 ഫെബ്രുവരി 12 – 19

## സെഹിയോൻ മാർത്തോമ്മാ ഇടവക


ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135

**REV. THOMAS MATHEW Mob : 9745153653**

www.amalloorsehionmtc.org

LIGHTED
TO
LIGHTEN

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

**സെഹിയോൻ ബുള്ളറ്റിൻ**

**ജനുവരി – ഫെബ്രുവരി – മാർച്ച്**

**2023**



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

പ്രശ്ന പങ്കിലമായ ഒരു വർഷം കൂടി നമ്മെ വിട്ട് കടന്നുപോയി. വിജയത്തിന്റെയും, പരാജയത്തിന്റെയും സന്തോഷത്തിന്റെയും ദു:ഖത്തിന്റേയും നാളുകൾ നാം അഭിമുഖീകരിച്ചു. തിരിഞ്ഞു നോക്കുമ്പോൾ സ്തോത്രം ചെയ്യുവാൻ ഏറെയുണ്ട്. 2023 ലേക്ക് പ്രതീക്ഷയോടെ നമ്മൾ പ്രവേശിക്കാൻ ഒരുങ്ങുന്നു. പ്രതീക്ഷയ്ക്ക് അപ്പുറമായി പ്രവർത്തിക്കാൻ കഴിയുന്ന വലിയവനായ ദൈവമാണ് നമ്മോടുകൂടെ ഉള്ളത്. അവന്റെ കരങ്ങളിൽ നമുക്ക് ആശ്രയിച്ച് മുന്നേറാം.

പുതു വർഷത്തിന്റെ 1-ാം തീയതി (ജനുവരി 1) പരിച്ഛേദന പെരുന്നാൾ ദിനമാണ്. കർത്താവിന്റെ ജനനം കാരണമായി 2 വയസ്സിന് താഴെയുള്ള എത്രയോ ശിശുക്കളെ ഹെരോദാവ് കൊന്നു കളഞ്ഞു. കർത്താവിനുവേണ്ടി രക്തസാക്ഷിത്തം വരിച്ച ശിശുക്കളെ സ്മരിച്ചുകൊണ്ടുള്ള ദിനമാണിത്. ജനുവരി 6 ദനഹാ പെരുന്നാൾ. എപ്പിഫനി എന്ന പേരിൽ അറിയപ്പെടുന്ന ഈ ദിനം (മാനിഫെസ്റ്റേഷൻ) വെളിപ്പെടുത്തുക അല്ലെങ്കിൽ പ്രത്യക്ഷമാക്കുക എന്നാണ് അർത്ഥം. യേശു തന്നെതന്നെ ലോകത്തിൽ വെളിപ്പെടുത്തിയ ദിനം. ഈ ദിവസത്തെ 'വെള്ളത്തിന്റെ പെരുന്നാൾ' എന്ന് പറയപ്പെടുന്നു. യേശു കർത്താവിന്റെ സ്നാപനദിനമായി കണക്കാക്കപ്പെടുന്നു. (Jesus The King is Commissioned as the servant). ജനുവരി 30 മുതൽ ചെറിയ നോമ്പുകാലമാണ്. അനുതാപം, മാനസാന്തരം, വീണ്ടെടുപ്പ് തുടങ്ങിയവ പഠിപ്പിക്കുന്ന സമയമാണ് ചെറിയ നോമ്പുകാലം എന്നറിയപ്പെടുന്ന മൂന്ന് നോമ്പ്. മൂന്ന് നോമ്പ് വീടിയാൽ 18-ാം ദിവസം വലിയ നോമ്പ് ആരംഭം. നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശു കർത്താവിന്റെ ഉപവാസവും, പീഢാനുഭവവും, കുരിശു മരണവും, ഉയിർത്തെഴുന്നേൽപ്പും വീണ്ടും ധ്യാനിക്കുന്ന അൻപത് നോമ്പ് ഫെബ്രുവരി 19-ാം തീയതി ആരംഭിക്കുന്നു. അനുതാപത്തിന്റെയും പുതുക്കത്തിന്റെയും, ശുദ്ധീകരണത്തിന്റെയും അന്യോന്യം ക്ഷമ യാചിച്ച് നിരപ്പ് പ്രാപിക്കുന്നതിന്റെയും നാളുകളായി തീരട്ടെ വലിയ നോമ്പുകാലം. ഉപവാസം എന്നാൽ ഭക്ഷണം വെടിയുന്നത് മാത്രമല്ല ക്രിസ്തുവിനോട് കൂടെ വസിക്കുന്നതാണ്.

2023 ജനുവരി 19-22 വരെ വാരിക്കാട് സെഹിയോൻ മാർത്തോമ്മാ ഇടവകയിൽ വെച്ച് ഭദ്രാസന കൺവൻഷൻ നടത്തപ്പെടുന്നു. 2023 ഫെബ്രുവരി 12 മുതൽ 19 വരെ 128-ാമത് മാരാമൺ കൺവൻഷൻ നടത്തുന്നതിനായി ക്രമീകരണം ചെയ്തുവരുന്നു.

ഇടവക 2022-23 സാമ്പത്തിക വർഷത്തിന്റെ സമാപനത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ഇടവകയിലേക്ക് നൽകാനുള്ള തുകകൾ മാർച്ച് മാസം അവസാനം വരെ നീക്കിവെയ്ക്കാതെ നേരത്തെ നൽകി കുടിശ്ശിക വരാതെയിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹം ആയിരിപ്പാൻ ദൈവം സഹായിക്കട്ടെ.

ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

**ജോസിയച്ചൻ**

# സഭാ വിശേഷദിവസങ്ങൾ

| മാസം | തീയതി | ദിവസം | വിശേഷങ്ങൾ |
|---|---|---|---|
| ജനുവരി | 01 | ഞായർ | നവവത്സരദിനം |
| " | 08 | ഞായർ | ലഹരി വിരുദ്ധദിനം |
| " | 22 | ഞായർ | എക്യുമെനിക്കൽ ഞായർ |
| " | 26 | വ്യാഴം | റിപ്പബ്ലിക് ദിനം |
| " | 30 | തിങ്കൾ | മുന്നു നോമ്പ് ആരംഭം |
| ഫെബ്രുവരി | 05 | ഞായർ | മെഡിക്കൽ മിഷൻ ഞായർ |
| " | 12 | ഞായർ | 128-ാമത് മാരാമൺ കൺവൻഷൻ ആരംഭം |
| " | 19 | ഞായർ | 128-ാമത് മാരാമൺ കൺവൻഷൻ സമാപനം/ വലിയ നോമ്പ് ആരംഭം |
| മാർച്ച് | 03 | വെള്ളി | അഖിലലോക പ്രാർത്ഥനാദിനം |
| " | 15 | ബുധൻ | പകുതി നോമ്പ് ആരംഭം |
| " | 26 | ഞായർ | 36-ാം ഞായർ |
| " | 31 | വെള്ളി | 40-ാം വെള്ളി |

# ഇടവക വാർത്തകൾ

2022 ഒക്ടോബർ 23-ാം തീയതി **ക്രിസ്തീയ കുടുംബപ്രതിഷ്ഠാ ദിന**മായി ആചരിച്ചു. റവ.മത്തായി ജോസഫ് തടിയൂർ നേതൃത്വം നൽകി.

ഇടവക ദിനത്തിന് മുന്നോടിയായി 2022 നവംബർ 11,12 തീയതികളിൽ വൈകിട്ട് 6 മണിക്ക് **ഇടവക കൺവൻഷൻ** പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ഇവാ.റോയി തടിയൂർ വചനശുശ്രൂഷ നടത്തി.

ഇടവകയുടെ 68-ാ മത് **ഇടവകദിനം** നവംബർ മാസം 13-ാം തീയതി ആചരിച്ചു. ആരാധനാ മദ്ധ്യേ ഏകദിന വരുമാന സമർപ്പണവും ആരാധനാനന്തരം പൊതു യോഗവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വെരി.റവ.ജയൻ തോമസ് മുഖ്യാതി ഥി ആയിരുന്നു.

നവംബർ 20, ഡിസംബർ 4, 18 എന്നീ തീയതികളിൽ **ആദ്യഫല സാധനശേഖര ണവും ലേലവും** നടന്നു.

ഡിസംബർ 21-ാം തീയതി **സഭാദിന**മായി ആചരിക്കുകയും രാവിലെ 8 മണിക്ക് വിശുദ്ധ കൂർബ്ബാന അർപ്പിക്കുകയും ചെയ്തു.

ഡിസംബർ 23-ാം തീയതി വൈകിട്ട് 6 മണിക്ക് **ക്രിസ്തുമസ് കരോൾ സർവ്വീസ്** പള്ളിയിൽ നടന്നു. ഇടവക ഗായകസംഘത്തിന്റെയും മറ്റും ശ്രു തിമധുരമായ ക്രിസ്തുമസ് ഗാനങ്ങളാൽ അനുഗ്രഹീതമായ ആ സന്ധ്യയിൽ മുഖ്യാതിഥി പ്രൊഫ.ചെറിയാൻ വർഗ്ഗീസ് ക്രിസ്തുമസ് സന്ദേശം നൽകി. സേവി കാ സംഘാംഗങ്ങളുടെ ഗാനവും സൺഡേസ്കൂൾ കുട്ടികളുടെ സ്കിറ്റും യുവ ജനസഖ്യത്തിന്റെ ഗാനവും ഉണ്ടായിരുന്നു.

**ജനനപ്പെരുന്നാൾ ശുശ്രൂഷ** ഡിസംബർ 25-ാം തീയതി രാവിലെ 6.30 ന് നടന്നു. ശുശ്രൂഷാനന്തരം പ്രഭാത ഭക്ഷണവും ക്രമീകരിച്ചിരുന്നു.

ഡിസംബർ 31-ാം തീയതി രാത്രി 10 മണിക്ക് **വാച്ച്നൈറ്റ് സർവ്വീസും** തുടർന്ന് വിശുദ്ധ കുർബ്ബാനയും നടന്നു.

**നവവത്സര ശുശ്രൂഷ:** 2023 ജനുവരി 1 ന് രാവിലെ 9.30ന് പരസ്യാരാധനാ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

2023 ഫെബ്രുവരി 5-ാം തീയതി ആരാധനാനന്തരം പള്ളിയിൽ വച്ച് **ഇടവക സംഘയോഗം** നടത്തപ്പെടുന്നു. തദവസരത്തിൽ 2023-24 വർഷത്തേക്കുള്ള ഇടവക ഭാരവാഹികളുടെയും കമ്മിറ്റി അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടത്ത പ്പെടുന്നു.

**നോമ്പാചരണം** : പകുതിനോമ്പു ആരംഭദിനമായ മാർച്ച് 15 മുതൽ വൈകിട്ട്

6.30 ന് പള്ളിയിൽ വച്ച് സന്ധ്യാനമസ്കാര ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

**ഉമാപതി സന്ദർശനം** : 2023 ജനുവരി 2 മുതൽ ഇടവക വികാരയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങളുടെ ഒരു സംഘം ഉമാപതി മിഷൻ ഫീൽഡ് സന്ദർശിക്കുന്നതായിരിക്കും.

## പുതിയ കുടുംബം

നെടിയകാലായിൽ ശ്രീ.എൻ.റ്റി.ഏബ്രഹാമും കുടുംബവും നാരങ്ങാനം സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ നിന്നും റ്റി.സി. മുഖേന നമ്മുടെ ഇടവകയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ചു. ഈ കുടുംബത്തെ ഇടവകയുടെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

## വിശുദ്ധ വിവാഹം

1. മൂൺ കോട്ടേജിൽ ശ്രീ. വർഗ്ഗീസ് തോമസിന്റേയും ശ്രീമതി മാർഗരറ്റ് വർഗ്ഗീസിന്റേയും മകൻ ദീപക് ഏബ്രഹാം വർഗ്ഗീസും ഇടുക്കി കടമാക്കുഴി മാളിയക്കൽ ശ്രീ.വർഗ്ഗീസ്സിന്റേയും ശ്രീമതി.മോളി വർഗ്ഗീസ്സിന്റേയും മകൾ മെൽബിൻ മറിയ വർഗ്ഗീസ്സും തമ്മിലുള്ള വിവാഹം 2022 ഒക്ടോബർ 31-ാം തീയതി നടത്തപ്പെട്ടു.
2. പുളിമൂട്ടിൽ ശ്രീ. പി.സി. ഏബ്രഹാമിന്റേയും ശ്രീമതി. ലീന ഏബ്രഹാമിന്റേയും മകൾ അനു ഏബ്രഹാമും നമ്പർ 9, എം.ജി.ആർ പുരം, ചെന്നൈ, ശ്രീ.റ്റി.വി വർഗ്ഗീസ്സിന്റേയും ശ്രീമതി. സാലി വർഗ്ഗീസ്സിന്റേയും മകൻ ജെറിൻ വർഗ്ഗീസ്സും തമ്മിലുള്ള വിവാഹം 2022 നവംബർ 19-ാം തീയതി നടത്തപ്പെട്ടു.
3. കരിക്കോട്ട് കറുകപ്പറമ്പിൽ ശ്രീ.കെ.വി.ജോർജ്ജിന്റെയും ശ്രീമതി. ശാന്തമ്മ ജോർജ്ജിന്റേയും മകൾ ഡോ.ജിൻസി ആൻ ജോർജ്ജും കുറ്റപ്പുഴ ഡാക്ക്താരി വില്ല ഡോ.ചാണ്ടി ജോർജ്ജിന്റേയും ശ്രീമതി. ബീന ചാണ്ടിയുടെയും മകൻ ഷാനിൽ ജോർജ്ജ് ചാണ്ടിയും തമ്മിലുള്ള വിവാഹം 2022 ഡിസംബർ 28-ാം തീയതി നടത്തപ്പെട്ടു.

കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച നവദമ്പതികൾക്ക് സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

## സംഘടനാ വാർത്തകൾ

## ഇടവക മിഷൻ

നാലാം ചൊവ്വാഴ്ച ഒഴികെയുള്ള ചൊവ്വാഴ്ചകളിൽ പള്ളിയിൽ വച്ച് വൈകിട്ട് 4.30 ന് മീറ്റിംഗ് നടത്തപ്പെടുന്നു. ഡിസംബർ 9-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 4.00 മണിക്ക് തിരുവല്ല ഈസ്റ്റ് സെന്റർ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ കുമ്പനാട് ധർമ്മഗിരി മന്ദിരത്തിൽ വച്ച് പൊതുയോഗവും മന്ദിരത്തിലെ അംഗങ്ങളോടൊപ്പം ക്രിസ്മസ് ആഘോഷവും നടന്നു.

താഴെപ്പറയുന്ന വെള്ളിയാഴ്ചകൾ ഒഴികയുള്ള എല്ലാവെള്ളിയാഴ്ചകളിലും

പള്ളിയിൽ വെച്ച് രാവിലെ 10.30 ന് ഉപവാസപ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്.

ജനുവരി 13: സന്നദ്ധസുവിശേഷകസംഘം തിരുവല്ല ഈസ്റ്റ്‌വെസ്റ്റ് സെന്റർ മീറ്റിംഗ്.

ഫെബ്രുവരി 17: മാരാമൺ കൺവൻഷൻ

മാർച്ച് 10: സന്നദ്ധസുവിശേഷക സംഘം തിരുവല്ല ഈസ്റ്റ് സെന്റർ മീറ്റിംഗ് ഇരുവെള്ളിപ്ര ക്രിസ്തോസ് ഇടവകയിൽ വെച്ച്.

മാർച് 17, 24: നോമ്പ് ആരാധന പള്ളിയിൽ

മാർച്ച് 31: 40-ാം വെള്ളി

## സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്

എല്ലാ മാസത്തിന്റെയും നാലാം ചൊവ്വാഴ്ച വൈകിട്ട് 4.30 ന് നിശ്ചയിക്കപ്പെട്ട , താഴെപ്പറയുന്ന, ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

| | | |
|---|---|---|
| ജനുവരി 24 | : | മങ്ങാട്ട് ശ്രീമതി മറിയാമ്മ മാമ്മൻ |
| ഫെബ്രുവരി 28 | : | ഞാലിലേട്ട് ശ്രീ തോമസ് മാത്യു |
| മാർച്ച് 28 | : | നെല്ലിമൂട്ടിൽ ശ്രീ.കുരുവിള വർഗ്ഗീസ് |

## സേവികാസംഘം

ബുധനാഴ്ചകളിൽ രാവിലെ 10.30ന് പള്ളിയിൽ വെച്ചും മാസത്തിൽ ഒരു ബുധനാഴ്ച നിശ്ചയിക്കപ്പെട്ട, താഴെപ്പറയുന്ന, ഭവനങ്ങളിൽ വെച്ചും മീറ്റിംഗ് നടത്തപ്പെടുന്നു.

## കോട്ടേജ് മീറ്റിംഗുകൾ

| | | |
|---|---|---|
| ജനുവരി 25 | : | കോളറേത്ത് ശ്രീമതി സാറാമ്മ വർഗ്ഗീസ് |
| ഫെബ്രുവരി 22 | : | കണ്ണോത്ത് ജോളി ചാക്കോ |
| മാർച്ച് 15 | : | നെല്ലിമൂട്ടിൽ ശ്രീമതി എൽസി രാജി |

**മറ്റ് പരിപാടികൾ**

| | | |
|---|---|---|
| ജനുവരി 14 | : | കലാമത്സരം - വാരിക്കാട് സെഹിയോൻ ഇടവകയിൽ വെച്ച് |

## യംഗ് വിമൻസ് ഫെലോഷിപ്പ്

എല്ലാ മാസത്തിന്റെയും 2-ാം ഞായറാഴ്ച വൈകിട്ട് 5 മണിക്ക് പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

## യുവജനസംഖ്യം

ഇടവകസംഘം മീറ്റിംഗ് നടക്കുന്ന ഫെബ്രുവരി 5-ാം തീയതിയും മാരാമൺ കൺവൻഷൻ നടക്കുന്ന ഫെബ്രുവരി 12-ഉം 19-ഉം തീയതികളും മാസത്തിലെ നാലാം ഞായറാഴ്ചകളും ഒഴികെയുള്ള എല്ലാ ഞായറാഴ്ചകളിലും ശുശ്രൂഷാ

നന്തരം പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുകയും നാലാം ഞായറാഴ്ചകളിൽ വൈകിട്ട് 5 മണിക്ക് കോട്ടേജ് പ്രെയർ നടത്തപ്പെടുകയും ചെയ്യുന്നു.

## ഗായകസംഘം

ഗായകസംഘത്തിന്റെ ഗാനപരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 5 മണിക്ക് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. ക്രിസ്മസ് കരോൾ സന്ധ്യയിൽ ഗായകസംഘത്തിന്റെ പങ്ക് ഏറെ പ്രശംസനീയമായിരുന്നു. ശ്രുതിമധുരമായ ഏഴ് ഗാനങ്ങൾ സമ്മാനിച്ച ഗായകസംഘത്തെ പരിശീലിപ്പിച്ച ഇടവപ്പറമ്പിൽ ശ്രീ. സി. വർഗീസ്, വേണ്ടുന്ന നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ ക്വയർ ലീഡേഴ്സ് ആയ മുല്ലമംഗലത്ത് ശ്രീമതി അക്കാമ്മ കോശി, മണ്ടാട്ട് ശ്രീമതി ബിനി സാംജി എന്നിവരുടെ സേവനം വളരെ വിലപ്പെട്ടതും, സ്തുത്യർഹവുമായിരുന്നു.

## സണ്ടേസ്കൂൾ

ഞായറാഴ്ച രാവിലെ 7.30 ന് ക്ലാസ്സുകൾ ആരംഭിക്കുന്നു.

## ഞായറാഴ്ചകളിലെ പാഠം - വായനാഭാഗങ്ങൾ

| **ജനുവരി** | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
|---|---|---|---|---|
| 01 ഞായർ | യെശ. 52:7-12 | അ.പ്ര 13:44-52 | റോമർ 1:8-17 | മത്തായി 28:16-20 |
| 08 ഞായർ | ദാനി 1:1-9 | 1 കൊരി 6:12-20 | 1 തെസ്സ 5:4-11 | ലൂക്കോസ് 11:33-36 |
| 15 ഞായർ | യെശ. 5:1-7 | കൊലൊ. 1:3-13 | ഗലാ. 5:16-26 | യോഹന്നാൻ 15:1-11 |
| 22 ഞായർ | യെഹ.37:15-23 | എഫെ 2:14 -22 | 1 കൊരി 3:1-9 | യോഹന്നാൻ 17:18-26 |
| 29 ഞായർ | 2 ദിന 32:9-23 | 1 പത്രോ 5:7-11 | ഫിലി 4:4 -8 | മത്തായി 6:19-34 |
| ഫെബ്രുവരി | | | | |
| 05 ഞായർ | യെശ 53:1-12 | 1 പത്രോ 2:18-25 | അ. പ്ര. 3:11-16 | മത്തായി 8:5-17 |
| 12 ഞായർ | 1 ശമു 21:1-9 | എബ്രാ 4:1-11 | കൊലൊ. 2:13-19 | ലൂക്കോസ് 6:1-10 |
| 19 ഞായർ | ഹോശേ. 14:1-9 | 2 പത്രോ. 1:1-11 | റോമർ 12:1-2 | യോഹന്നാൻ 2:1-11 |
| 26 ഞായർ | യിര. 33:6-11 | 1 യോഹ. 1:5-10 | യാക്കോ. 4:7 10 | മർക്കോസ് 1:40-45 |
| **മാർച്ച്** | | | | |
| 05 ഞായർ | യെശ 33:13-24 | എബ്രാ. 9:11-20 | കൊലൊ. 2:8-15 | മർക്കോസ് 2:1-12 |
| 12 ഞായർ | യെശ 45 : 1-8 | അ.പ്ര. 10:34-43 | ഗലാ. 3:23-29 | മത്തായി 15:21-28 |
| 19 ഞായർ | പുറ. 3:1-10 | 1 പത്രൊ.1:18-25 | റോമ. 3:23-31 | ലൂക്കോസ് 13:10-17 |
| 26 ഞായർ | യെഹ.37:1-14 | ഫിലി. 3:7-16 | കൊലൊ. 3:1-11 | മർക്കോസ് 10:46-52 |
| 31 വെള്ളി | സംഖ്യാ. 11:4-15 | യാക്കോ. 1:12-18 | 1 തെസ്സ. 3:1-8 | മത്തായി 4:1-11 |

# പഠനം

## ആരാധനയിലെ അടയാളങ്ങളും പ്രതീകങ്ങളും

**(Signs & Symbols)**

## കുരിശ്

Cross is the most important symbol of the Christians. It symbolizes the death and resurrection of Jesus Christ. Cross has a central place in Christian worship. It symbolizes the salvation in Christ. In Mar Thoma tradition we use plain cross. It reminds as the resurrected Christ, the one who overcome the death,. It can be called the "Easter Cross".

മനുഷ്യന് ദൈവത്തോടും, പരസ്പരവും ഉള്ള ബന്ധത്തിന്റെയും രക്ഷയുടെ യും പ്രതീകമാണ് കുരിശ്. രണ്ട് പ്രത്യേക എഴുത്തുകൾ കുരിശിനു മീതെ നാം കണ്ടിട്ടുണ്ടാവും.

I.N.R.I :- Iesus Nazarenus Rex Iudaeorum [Latin] which means " Jesus the Nazarene, King of the Jews".(നസറേയനായ യേശു യഹൂദന്മാരു ടെ രാജാവ്)

I.H.S :- Iesus Hominum Salvator, which means Jesus Savior of Human kind, യേശു സർവ്വലോക രക്ഷകൻ.

കുരിശ് ഒരു ആരാധനാ വസ്തു അല്ല. Cross is not an object of worship, but as a constant reminder of the living and active presence of Christ in our lives and in our world.

## കുരിശ് വരയ്ക്കുന്നത്

ത്രിത്വത്തിന്റെ പ്രതീകമായി മൂന്ന് വിരൽകൊണ്ട് (തള്ളവിരൽ, ചൂണ്ടുവിരൽ, നടുവിരൽ) കൂട്ടി യോജിപ്പിച്ച് വേണം കുരിശ് വരയ്ക്കാൻ,. മുകളിൽ നിന്ന് താഴേക്കും ഇടത്ത് നിന്ന് വലത്തോട്ടും ആണ് കുരിശ് വരയുടെ രൂപം. സ്വർ ഗ്ഗസ്ഥനായ ദൈവം താഴെ ഭൂമിയിൽ ഇറങ്ങിവന്ന് ഇടതുവശത്തിന് (പാപത്തിന്) അധീനരായ നമ്മെ വലതു വശത്തിന് (വിശുദ്ധിക്ക് ) യോഗ്യരാക്കുന്നു എന്നതാ ണ് അർത്ഥം. ആരാധനാമദ്ധ്യേ കുരിശ് വരയ്ക്കാത്തവരെയും ചൂണ്ടുവിരൽകൊ ണ്ട് മാത്രം കുരിശ് വരയ്ക്കുന്നവരേയും കയ്യിൽ ഇരിക്കുന്ന ആരാധനാക്രമം കൊണ്ട് കുരിശ് വരയ്ക്കുന്നവരെയും ആരാധനയിൽ കാണാറുണ്ട്. അങ്ങനെ ചെയ്യാൻ പാടില്ലാത്തതാകുന്നു. കർത്താവിലൂടെ ലഭിച്ച രക്ഷയുടെയും പുത്രത്വ ത്തിലേക്ക് നമ്മെ പ്രവേശിപ്പിച്ചതിന്റെയും അടയാളമാണ് കുരിശ്. ആരാധനയിൽ ഏതാണ്ട് 15 പ്രാവശ്യത്തിലധികം നമ്മൾ കുരിശ് വരയ്ക്കുന്നു. നമുക്ക് അർത്ഥം മനസ്സിലാക്കി കുരുശ് വരയ്ക്കാം.

## മെഴുകുതിരി

The lighted candles signify the presence of God or the light of God or the light of Christ. ദൈവം പ്രകാശം ആണെന്ന ചിന്തയെ ഉദ്ദീപിപ്പിക്കുന്നതാണ് മെഴുകുതിരി. ക്രിസ്തുവിനെ ലോകത്തിന്റെ വെളിച്ചമായി വിശുദ്ധ യോഹന്നാൻ വെളിപ്പെടുത്തുന്നു. I am the light of the world (John 8:12) പഴയ നിയമ കാലത്ത് ആരാധനയിൽ വിളക്കിന് പ്രാധ്യാന്യം ഉണ്ടായിരുന്നു (പുറ.: 40:24)

യഹൂദന്മാർക്ക് 7 തണ്ടുള്ള വിളക്ക് ഉണ്ടായിരുന്നു. രണ്ട് സൈഡിലും 3 തണ്ട് വീതവും നടുക്ക് 1 തണ്ടും (പുറ. 25 31-40) . യഹൂദനെ സംബന്ധിച്ച് 6 ദിവസം കൊണ്ട് ലോകത്തെ സൃഷ്ടിക്കുകയും 7-ാം ദിവസം സ്വസ്ഥമായിരിക്കുകയും ചെയ്ത ദൈവത്തെ പ്രഖ്യാപിക്കുന്നതാണ് ഈ വിളക്ക്. 7-ാമത്തെ തണ്ടിനായിരുന്നു ഏറ്റം പ്രാധാന്യം.

ആദിമ ക്രിസ്ത്യാനികൾ ആരാധനയ്ക്കായി കൂടിവന്നത് യഹൂദ ദൈവാലയത്തിൽ തന്നെ ആയിരുന്നു. പീഢനകാലം വന്നപ്പോൾ ഗുഹകളിലും കാടുകളിലും ആരാധനയ്ക്കായി കൂടി വന്നു. അവിടെ അവർ വിളക്ക് തിരികൾ ഉപയോഗിച്ചു. അവയ്ക്ക് വേദപുസ്തക പ്രകാരം അർത്ഥം നൽകി. വിളക്ക് പോലെ സ്വയം പ്രകാശിച്ച് ലോകത്തിൽ വെളിച്ചം നൽകി എരിഞ്ഞ് അമരുകയായിരുന്നു കർത്താവ് ചെയ്തത്. നിങ്ങളും ലോകത്തിന്റെ വെളിച്ചം ആകുന്നു എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. (മത്തായി 5:14). പിൽക്കാലത്ത് ക്രിസ്തീയ അരാധനകളിൽ മെഴുകുതിരികൾ ഉപയോഗിക്കുവാൻ തുടങ്ങി. സ്വയം പ്രകാശം പരത്തി ഉരുകി തീരുന്ന മെഴുകുതിരി പോലെ ആയിരുന്നു ക്രിസ്തുവും. നാമും അപ്രകാരം അയിരിക്കണം.

ആരാധനയിൽ ത്രോണോസിൽ മെഴുകുതിരികളുടെ എണ്ണം 2,6,12 എന്നിങ്ങനെ വ്യത്യസ്തങ്ങളായി കാണാറുണ്ട്. ഇപ്പോൾ ഇലക്ട്രിക് ബൾബുകളും ഉപയോഗിക്കാറുണ്ട്. മെഴുകുതിരികൾക്ക് മദ്ധ്യേ ഒരു കുരിശും ഉണ്ടാകും. 12 തിരികൾ 12 അപ്പോസ്തോലന്മാരെ കുറിക്കുന്നു. നടുവിലെ കുരിശ് വെളിച്ചമായി തീർന്ന കർത്താവിനെ ചിത്രീകരിക്കുന്നു. അങ്ങനെ 13 കണക്കാകും. 2 തിരികൾ ആണെങ്കിൽ മദ്ധ്യേയുള്ള കുരിശുമായി യോജിച്ച് 3 ആകും. 6 തിരിയാണെങ്കിൽ കുരിശുംകൂടി 7 ആയി മാറും. 3,7,13 ഇവ പൂർണ്ണമായി വിഭജിക്കാൻ കഴിയാത്ത ഒറ്റ സംഖ്യകൾ ആണ്. കർത്താവും വിശ്വാസികളും ഒന്നിക്കുമ്പോൾ അവിഭാജ്യഘടകമായി തീരുന്നു. മെഴുകുതിരി ത്രോണോസിൽ കത്തിക്കുമ്പോൾ വടക്കുനിന്നും തെക്കോട്ട് (ഇടത്തുനിന്നും വലത്തോട്ട്) ത്രോണോസിന്റെ പിമ്പിലൂടെ കത്തിക്കണം എന്നതാണ് പാരമ്പര്യം.

*(തുടരും...)*

**ജോസിയച്ചൻ**

## ആരാധനാ സഹായ ക്രമീകരണങ്ങൾ - പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ

| | |
|---|---|
| 01.01.2023 | ഇടവക മിഷൻ |
| 08.01.2023 | പ്രാർത്ഥനാ ഗ്രൂപ്പ് - 1 |
| 15.01.2023 | സേവികാസംഘം |
| 22.01.2023 | സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് |
| 29.01.2023 | സൺഡേസ്കൂൾ |
| 05.02.2023 | പ്രാർത്ഥനാഗ്രൂപ്പ് - 2 |
| 12.02.2023 | യംഗ് വിമൻസ് ഫെലോഷിപ്പ് |
| 19.02.2023 | ഗായകസംഘം |
| 26.02.2023 | പ്രാർത്ഥനാഗ്രൂപ്പ് - 3 |
| 05.03.2023 | കൈസ്ഥാനസമിതി |
| 12.03.2023 | ഇടവകമിഷൻ |
| 19.03.2023 | പ്രാർത്ഥനാഗ്രൂപ്പ് - 1 |
| 26.03.2023 | സേവികാസംഘം |

## ബൈബിൾ ക്വിസ് - എഫെസ്യർ

1. വിശ്വാസികൾ ആയിത്തീർന്നവർ അഗ്രചർമ്മികൾ എന്ന് വിളിക്കപ്പെട്ടിരുന്ന കാലത്ത് എങ്ങനെ ഉള്ളവർ ആയിരുന്നു?
2. ആകയാൽ നിങ്ങൾ ഇനി അന്യരും പരദേശികളുമല്ല എന്ന പൗലോസ് പറയാൻ കാരണം എന്ത്?
3. ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന് ഒത്തവണ്ണം നമുക്ക് ലഭിച്ചിരിക്കുന്നത് എന്താണ്?
4. ക്രിസ്തു തന്റെ ജഢത്താൽ നീക്കിയ ശത്രുത്വം ഏതായിരുന്നു?
5. ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീയ വർദ്ധനയ്ക്കുവേണ്ടി നിയമിച്ചിരിക്കുന്നത് ആരെയെല്ലാം ?
6. സകല വിശുദ്ധന്മാരിലും ചെറിയവനായ പൗലോസ് ജാതികളോട് എന്ത് പ്രസംഗിപ്പാനായിട്ടാണ് കൃപാദാനത്താൽ ശിശ്രൂഷയിൽ ആയിത്തിർന്നത്.?
7. അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ തങ്ങളെത്തന്നെ ഏൽപ്പിച്ചിരിക്കുന്നവർ ആരാണ്?
8. ` എനിക്ക് വേണ്ടി പ്രാർത്ഥിപ്പിൻ ` എന്ന് പൗലോസ് പറയുന്നത് എന്തിനു വേണ്ടി?.
9. ഉറങ്ങുന്നവർ ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേൽക്കുമ്പോൾ എന്ത് സംഭവിക്കും ?
10. ജാതികളായവർ എന്തിൽ നിന്ന് അകന്നിട്ടാണ് മനം തഴമ്പിച്ച് പോയത് ?

11. ദ്രവ്യഗ്രഹിയെ ആരോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത് ?
12. ഈ ലേഖനത്തിൽ നമ്മുടെ രക്ഷകന്റെ പൂർണ്ണനാമം എന്താണ് ?
13. കർത്താവിന് പ്രസാദമായത് എന്തെന്ന് പരിശോധിക്കുന്നവർ ആരാണ്?
14. വീണ്ടെടുപ്പിൻ നാൾവരെ സൂക്ഷിക്കപ്പെടാൻ ലഭിച്ച ഉറപ്പിന്റെ മുദ്ര എന്ത്?
15. നാം പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിതീരാൻ കാരണമായി ത്തീരുന്ന 3 ശത്രുക്കൾ ഏതെല്ലാം ?
16. തിഹിക്കോസിനെ എഫെസോസിൽ അയച്ചത് എന്തിനുവേണ്ടി ?
17. തന്നെത്താൻ സ്നേഹിക്കുന്നു എന്ന് ആരെക്കുറിച്ചാണ് പറഞ്ഞത് ?
18. സർവ്വായുധവർഗ്ഗം എടുക്കേണ്ടത് എന്തിനുവേണ്ടി ?
19. ക്രിസ്തുവിനോടുള്ള ഭയത്തിൽ വിശ്വാസികൾ പരസ്പരം ചെയ്യേണ്ടത് എന്താണ്?
20. ഈ ലേഖനത്തിൽ വിശ്വാസ സമൂഹത്തെ വിവിധ വിധത്തിൽ സാദൃശ്യപ്പെടു ത്തിയിട്ടുണ്ട്. ഏതെങ്കിലും 3 സാദൃശ്യങ്ങൾ എഴുകുക ?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2023 ഫെബ്രുവരി 28**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1. മോവാബ്, 2. തിമ്ന, 3. സിക്കൂത്ത്, 4. യൊരോബയാം, 5. എദോം
6. പ്രവാചകന്മാരായ തന്റെ ദാസന്മാരോട്, 7. അമോര്യനെക്കുറിച്ച്
8. കാർത്തിക, മകയിരം, 9. ബാശാന്യപശുക്കൾ, 10. യിസ്രയേൽ
11. അമസ്യാവ്, 12. വചനം കേൾക്കേണ്ടതിന്, 13. 3 (3:1, 4:1, 5:1)
14. 5 അടയാളങ്ങൾ (7:1 വീട്ടിൽ, 7:4 തീ, 7:7 തൂക്കുകട്ട, 8:1 പഴക്കൊട്ട, 9:1 അടിക്ക പ്പെടുന്ന പോതിക / യാഗപീഠത്തിന്മേൽ നിൽക്കുന്ന യഹോവ
15. 11 പ്രതിസന്ധികൾ (അപ്പത്തിന്റെ കുറവ് / ക്ഷാമം, മഴക്കുറവ്, ദാഹം, വെൺ മഞ്ഞ്, വിഷമഞ്ഞ്, തുള്ളൻ, മഹാമാരി, വാൾ / മരണം, കുതിരകളുടെ നഷ്ടം, ദുർഗന്ധം, അഗ്നി/ ഉന്മൂലനാശം (4:6 - 11)
16. 8 ദേശങ്ങൾ (ദമ്മേശേക്ക്, ഗസ്സ, സോർ, എദോം, അമ്മോന്യർ, മോവാബ്, യഹൂദ, യിസ്രയേൽ)
17. ശരി, 18. 2 (വീട്ടിൽ / വെട്ടുക്കിളി 7:1- 3, പഴക്കൊട്ട 8:2)
19. ഭാരം വഹിക്കുന്നവൻ or to carry
20. 5 (വീണുപോയ ദാവീദിന്റെ കൂടാരം പണിയും, പർവ്വതങ്ങൾ പുതുവീഞ്ഞ് പൊഴിയും എല്ലാ കുന്നുകളും ഉരുകിപ്പോകയും ചെയ്യും, പ്രവാസികളെ മടക്കി വരുത്തും, പട്ടണങ്ങൾ പണിതു മുന്തിരിത്തോട്ടം ഉണ്ടാക്കി ഫലം അനുഭവിക്കും, യഹോവ അവരെ ദേശത്ത് നടും ആരും പറിച്ചുകളയില്ല).

## ബൈബിൾ ക്വിസ്സ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ

1. പ്രൊഫ.ആലീസ് മാത്യു, നെല്ലിമൂട്ടിൽ
2. ശ്രീ.കെ.സി. നൈനാൻ, കോതപ്പുഴശ്ശേരിൽ

| ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ | | | |
|---|---|---|---|
| തീയതി | ഒന്നാം ഗ്രൂപ്പ് | രണ്ടാം ഗ്രൂപ്പ് | മൂന്നാം ഗ്രൂപ്പ് |
| ജനുവരി | **4.00 പി.എം** | **3.00 പി.എം** | **5.00 പി.എം** |
| 01.01.2023 | നവവത്സരദിനം | | |
| 08.01.2023 | **തോമസ് ഏബ്രഹാം തേനാലിൽ** | **വർഗ്ഗീസ് കോശി പ്ലാപ്പറ (കുമ്പനാട്)** | **തോമസ് ജോർജ്ജ് കോയിക്കമണ്ണിൽ** |
| 15.01.2023 | **തോമസ് മാത്യു ഞാലിലേട്ട്** | **എബ്രഹാം ഈശോ റെജി ഐക്കരേത്ത്** | **തോമസ് ജോസഫ് നെല്ലിമൂട്ടിൽ മന്നത്ത്** |
| 22.01.2023 | **സംയുക്ത പ്രാർത്ഥന - ശ്രീമതി. ജുണോമ്മ ജേക്കബ് കരിങ്ങോട്ട് ഇന്റർനാഷണൽ ഗാർഡൻ വ്യൂ (മൂന്നാം ഗ്രൂപ്പ്)** | | |
| 29.01.2023 | **ഷാജി തോമസ് കണ്ണോത്ത്** | **മാത്യു എബ്രഹാം വർഗ്ഗീസ് കണ്ണോത്ത്** | **പി.കെ. തോമസ് പറപ്പള്ളിൽ** |
| 05.02.2023 | **എം.കെ.ഫിലിപ്പ് മഠത്തിലോട്ട്** | **കെ.ജി. വർഗ്ഗീസ് കണ്ണോത്ത് കല്ലുമൂല** | **ജോർജ്ജ്. കെ.പി കരിക്കോട് കറുകപ്പറമ്പിൽ** |
| 12.02.2023 | **മാരാമൺ കൺവൻഷൻ ആരംഭം** | | |
| 19.02.2023 | **മാരാമൺ കൺവൻഷൻ സമാപനം** | | |
| 26.02.2023 | **സംയുക്ത പ്രാർത്ഥമ - ഒന്നാം ഗ്രൂപ്പ്** | | |
| 05.03.2023 | **ഐസക് ഉമ്മൻ പ്ലാപ്പറ** | **അജു വർഗ്ഗീസ് നൂറോംപ്ലാക്കൽ കൊമ്പാടി** | **എൻ.പി.ശാമുവേൽ നെല്ലിമൂട്ടിൽ** |
| 12.03.2023 | **കോശി ജോൺസൺ നെട്ടിയാട്ടുപറമ്പിൽ** | **അലക്സാണ്ടർ തോമസ് പരുമൂട്ടിൽ കൃപാഭവൻ** | **ഏബ്രഹാം തോമസ് കിഴക്കേതിൽ** |
| 19.03.2023 | **നോമ്പ് ആരാധന** | | |
| 26.03.2023 | **നോമ്പ് ആരാധന** | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2023 ഏപ്രിൽ - ജൂൺ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടേയും സംഘടനകളുടേയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും മാർച്ച് 15-ാം തീയതിക്കു മുമ്പായി സെക്രട്ടറിയെ ഏൽപ്പിക്കുവാൻ പ്രാർത്ഥാനഗ്രൂപ്പുകളുടേയും പോഷകസംഘടനകളുടേയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയൊ സെക്രട്ടറിയെയൊ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയൊ, സെക്രട്ടറിയെയൊ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

## ഇടവകയിലെ സാധാരണ പരിപാടികൾ

| | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസ പ്രാർത്ഥന |
| 4-ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് |
| 2-ാം ഞായർ വൈകിട്ട് 5.00 | യംഗ് വിമൻസ് ഫെലോഷിപ്പ് |
| ശനി വൈകിട്ട് 5.00 | ഗായകസംഘ പരിശീലനം |

**മാസത്തിൽ ഒരു വ്യാഴാഴ്ച**
**രാവിലെ 10 മണിക്ക്**
**പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ**
**നേതൃത്വത്തിൽ ഭവന സന്ദർശനം**




Redmedia | 8281656412